മാതൃഭൂമി

14 March 2024

# ഐവി ജോസിനും രതികുമാരിക്കും അംഗീകാരം

**കൊച്ചി ▸** മത്സ്യമേഖലയിൽ നേട്ടം കൈവരിച്ച ഐവി ജോസിനും കെ.ജി. രതികുമാരിക്കും കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സി.എം.എഫ്.ആർ.ഐ.) ആദരം. മുനമ്പം സ്വദേശിയായ ഐവി, മത്സ്യവല നിർമാണരംഗത്താണ് സംരംഭകയായി കഴിവ് തെളിയിച്ചത്. അലങ്കാരമത്സ്യ കൃഷിയിലെ മികവാണ് ആലപ്പുഴ ഓണാട്ടുകര സ്വദേശിയായ രതികുമാരിക്ക് നേട്ടമായത്. ഇരുവരെയും സി.എം.എഫ്.ആർ.ഐ.യിൽ നടന്ന വനിതാദിനാഘോഷ ചടങ്ങിൽ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ ആദരിച്ചു. പിന്നണിഗായിക ചിത്ര അരുൺ മുഖ്യാതിഥിയായിരുന്നു. ഡോ. എ. ഗോപാലകൃഷ്ണൻ അധ്യക്ഷനായി. വനിതാസെൽ ചെയർപേഴ്സൺ ഡോ. മിറിയം പോൾ ശ്രീറാം, മെംബർ സെക്രട്ടറി ഡോ. സന്ധ്യ സുകുമാരൻ തുടങ്ങിയവർ പങ്കെടുത്തു.